**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2823** **10-03-2025 - ൽ മറുപടിയ്ക്ക്**

**ധന്വന്തരി സെന്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. യു. ആർ. പ്രദീപ്,<br>ശ്രീ. എ. രാജ,<br>ശ്രീ എം മുകേഷ്** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിലും ആശുപത്രി സേവനങ്ങളും ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള ധന്വന്തരി സെന്ററുകളുടെ പ്രവർത്തനം വിശദമാക്കാമോ; | (എ) | പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിലും ആശുപത്രി സേവനങ്ങളും ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് തിരുവനന്തപുരം കൊല്ലം, കോട്ടയം, എറണാകുളം കാസർ ഗോഡ് ജില്ലകളിലായി ധന്വന്തരി കേന്ദ്രങ്ങൾ പ്രവർത്തിച്ച് വരുന്നു. ഓരോ ധന്വന്തരി കേന്ദ്രങ്ങളിലെയും പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ധന്വന്തരി സെന്ററുകൾ ശക്തിപ്പെടുത്തുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | ധന്വന്തരി സെന്ററുകൾ ശക്തിപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിച്ച് വരുന്നു. ഇതിന്റെ ഭാഗമായി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 21/01/2025 ന് യോഗം ചേരുകയും ധന്വന്തരി സെന്ററുകളുടെ ഗവേണിംഗ് ബോഡി കൂടുന്നതിന് നിർദ്ദേശം നൽകുകയും, ധന്വന്തരി സെന്ററുകളുടെ പ്രവർത്തനം ഏകീകരിക്കുന്നതിന് വിശദവും വ്യക്തവുമായ പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ, മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ, പട്ടിക ജാതി വികസന വകുപ്പ് അഡീഷണൽ സെക്രട്ടറി എന്നിവർ അടങ്ങുന്ന കമ്മിറ്റി രൂപീകരിക്കുകയും ആയതിൻ പ്രകാരം പ്രൊപോസൽ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |
| (സി) | ധന്വന്തരി മാതൃക എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (സി) | ധന്വന്തരി സെന്ററുകൾ ശക്തിപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിച്ച് വരുന്നു. ഇതിന്റെ ഭാഗമായി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 21/01/2025 ന് യോഗം ചേരുകയും ധന്വന്തരി സെന്ററുകളുടെ ഗവേണിംഗ് ബോഡി കൂടുന്നതിന് നിർദ്ദേശം നൽകുകയും, ധന്വന്തരി സെന്ററുകളുടെ |

| | | | |
|---|---|---|---|
| | | | പ്രവർത്തനം ഏകീകരിക്കുന്നതിന് വിശദവും വ്യക്തവുമായ പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ, മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ, പട്ടിക ജാതി വികസന വകുപ്പ് അഡീഷണൽ സെക്രട്ടറി എന്നിവർ അടങ്ങുന്ന കമ്മിറ്റി രൂപീകരിക്കുകയും ആയതിൻ പ്രകാരം പ്രൊപോസൽ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |
| (ഡി) | സാന്ത്വന പരിചരണ രംഗത്ത് കൂടി ധന്വന്തരി സെന്ററിന്റെ പ്രവർത്തനം വിപുലീകരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ധന്വന്തരി സെന്ററുകൾ ശക്തിപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിച്ച് വരുന്നു. ഇതിന്റെ ഭാഗമായി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 21/01/2025 ന് യോഗം ചേരുകയും ധന്വന്തരി സെന്ററുകളുടെ ഗവേണിംഗ് ബോഡി കൂടുന്നതിന് നിർദ്ദേശം നൽകുകയും, ധന്വന്തരി സെന്ററുകളുടെ പ്രവർത്തനം ഏകീകരിക്കുന്നതിന് വിശദവും വ്യക്തവുമായ പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ, മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ, പട്ടിക ജാതി വികസന വകുപ്പ് അഡീഷണൽ സെക്രട്ടറി എന്നിവർ അടങ്ങുന്ന കമ്മിറ്റി രൂപീകരിക്കുകയും ആയതിൻ പ്രകാരം പ്രൊപോസൽ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

LA 2823 (എ) അനുബന്ധം

| ക്രമനം | ജില്ല | പ്രവർത്തനങ്ങൾ |
|---|---|---|
| 1 | **തിരുവനന്തപുരം** | മെഡിക്കൽ കോളേജ് ക്യാമ്പസിനുള്ളിലായി പ്രവർത്തിക്കുന്ന ധന്വന്തരി സെന്ററിൽ ഒരു ഫോട്ടോകോപ്പി & സ്റ്റേഷനറി സ്റ്റോറും, ഒരു ന്യൂക്ലിയർ മെഡിസിൻ ലാബ് (തൈറോയിഡ് ലാബ്) ഒരു എക്സ്-റേ യൂണിറ്റ് (പോർട്ടബിൾ), 2 ഇസിജി യൂണിറ്റ്, 2 ലാബ് യൂണിറ്റ് (ആർ.ബി.സി) എന്നിവ പ്രവർത്തിക്കുന്നുണ്ട്" ഇവയെല്ലാം 24 മണിക്കൂറും പ്രവർത്തിക്കുന്ന യൂണിറ്റുകളാണ്. 2 ആംബുലൻസുകൾ ഉണ്ട് (പ്രവർത്തനരഹിതം), |
| 2 | കൊല്ലം | കൊല്ലം ജില്ലയിൽ ജില്ലാ ആശുപത്രി കൊല്ലം, കരുനാഗപ്പള്ളി താലൂക്ക് ആശുപത്രി ,കുണ്ടറ താലൂക്ക് ആശുപത്രി എന്നിവിടങ്ങളിൽ ധന്വന്തരി കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൊല്ലം ജില്ലാ ആശുപത്രിയിൽ Medical store ECG യൂണിറ്റ് GRBS യൂണിറ്റ്(Glucose Random Blood Sugar Test) എന്നിവയും കരുനാഗപ്പള്ളി കുണ്ടറ താലൂക്ക് ആശുപത്രികളിൽ ഇ.സി.ജി യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു. |
| 3. | കോട്ടയം | കോട്ടയം മെഡിക്കൽ കോളേജ് കോമ്പൌണ്ടിൽ പ്രവത്തിക്കുന്ന ധന്വന്തരി സെന്ററിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഡോർമെറ്ററി, മെഡിക്കൽ ഷോപ്പ്, ഔഷധി, കൂൾബാർ, ആംബുലൻസ് സർവ്വീസ്, ഫോട്ടോ കോപ്പിയർ & കംപ്യൂട്ടർ, സ്റ്റേഷനറി സ്റ്റോർ എന്നിവ പ്രവർത്തിക്കുന്നുണ്ട്. |
| 4 | എറണാകുളം | എറണാകുളം ജനറൽ ആശുപ്രതിയുടെ ലാബിനോട് ചേർന്നാണ് ധന്വന്തരി കേന്ദ്രം പ്രവർത്തിക്കുന്നത്. ആംബുലൻസ്, മോർച്ചറി കോൾഡ് സ്റ്റോറേജ്, മിനിറിഫ്രഷ്മെന്റ് ഹാൾ, ഫോട്ടോസ്റ്റാറ്റ്, ന്യാവില മെഡിക്കൽ സ്റ്റോർ എന്നിവ പ്രവർത്തിക്കുന്നു. |
| 5 | കാസർഗോഡ് | കാസർഗോഡ് ഗവ. ജനറൽ ആശുപത്രിക്ക് മുൻവശത്തായി ജില്ലാ ഭരണകൂടം അനുവദിച്ച 14 സെന്റ് സ്ഥലത്ത് സർക്കാരിന്റെ ധനസഹായത്തോടെ മൂന്ന് നില കെട്ടിടം നിർമ്മിച്ചു. അതിലെ മുറികൾ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും, സർക്കാർ സ്ഥാപനങ്ങൾക്കും ബാങ്കിംഗ് ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങൾക്കുമായി പ്രതിമാസ ലൈസൻസ് ഫീസ് വ്യവസ്ഥയിൽ നൽകുകയും അതിൽ നിന്ന് ലഭിക്കുന്ന വരുമാനമാണ് സ്ഥാപനത്തിന്റെ ധനസ്രോതസ്സ്. അതിൽ നിന്നും ലഭിക്കുന്ന വരുമാനം ദാരിദ്ര്യ രേഖയ്ക്ക് താഴെ വിഭാഗത്തിൽ വരുന്ന പട്ടികജാതി വർഗ്ഗ വിഭാഗക്കാർക്ക് ചികിത്സാ ധനസഹായം, അടിയന്തിര ധനസഹായം, വിദ്യാഭ്യാസ മേഖലയിൽ SC വിഭാഗത്തെ ഉന്നതിയിലെത്തിക്കുന്നതിന് ക്രിയാത്മകമായി ഇടപെട്ടുള്ള പ്രവത്തനങ്ങൾ എന്നിവ നടത്തിവരുന്നു. |